**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.810 10.06.2019 -ലെ മറുപടിക്ക്**

**അംബേദ്ക്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച കോളനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം എത്ര കോളനികളാണ് കേരളത്തിൽ നവീകരിച്ചിട്ടുള്ളത്; | (എ) | അംബേദ്കർ സ്വാശ്രയഗ്രാമ പദ്ധതി പ്രകാരം നവീകരണത്തിന് 273 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുത്ത കോളനികളുടെ നവീകരണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോളനികൾ പരിഷ്കരിക്കുന്നതിന് എത്ര വീടുകളാണ് ഒരു കോളനിയിൽ ഉണ്ടായിരിക്കേണ്ടത് എന്നറിയിക്കാമോ; | (ബി) | നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുത്തത്. |
| (സി) | വീടുകളുടെ എണ്ണം കുറഞ്ഞ കോളനികൾ കൂടി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (സി) | 2016-17 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് തെരഞ്ഞെടുക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ 30-തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. |
| (ഡി) | ബാലുശ്ശേരി മണ്ഡലത്തിലെ കരിങ്കാളി കോളനി നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (ഡി) | ബാലുശ്ശേരി മണ്ഡലത്തിലെ കരിങ്കാളി കോളനിയിലെ 35% പ്രവൃത്തികൾ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ